തദ്ദേശ സ്വയംഭരണ വകുപ്പ്ചീഫ് എഞ്ചിനീയറുടെ കാര്യാലയം
(ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്)
അഞ്ചാം നില, സ്വരാജ് ഭവൻ,
നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം-3

Phone : 0471-2324030
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം. എ 3-4284/2022/സിഇ/തസ്വഭവ** **തീയതി. 30.06.2022**

# സർക്കുലർ

വിഷയം : തസ്വഭവ - (LID & EW) - ഫയൽ അദാലത്ത് - വിവര ശേഖരണം - സംബന്ധിച്ച്

സൂചന : 1) **ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശം**
2) പ്രിൻസിപ്പൽ ഡയറക്ടറുടെ 21.06.2022-ലെ PDLSGD/715/2022-B2 നമ്പർ കത്ത്
3) ഈ കാര്യാലയത്തിന്റെ 27.06.2022-ലെ ഇതേ നമ്പർ സർക്കുലർ

തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള എല്ലാ കാര്യാലയങ്ങളിലും അനുബന്ധ സ്ഥാപനങ്ങളിലും ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണ്. ആയതിന്റെ ഭാഗമായി പ്രസ്തുത പ്രവർത്തനങ്ങളുടെ ഏകോപനത്തിനും തുടർ നിരീക്ഷണത്തിനും നോഡൽ ഓഫീസർമാരെ നിയമിക്കണമെന്ന് സൂചന (2) പ്രകാരം ലഭിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സൂചന (3) സർക്കുലർ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പെൻഡിംഗ് ഫയൽ സംബന്ധിച്ച വിവര ശേഖരണാർത്ഥം ഈ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രൊഫോർമ 1163 ഗൂഗിൾ ഷീറ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അടിസ്ഥാന വിവരങ്ങൾ എല്ലാ കാര്യാലയത്തിൽ നിന്നും രേഖപ്പെടുത്തി തുടർന്ന് ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

ഫയൽ തീർപ്പാക്കലുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനും അവ നിരീക്ഷിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും 2022 സെപ്റ്റംബർ 30-ന് മുൻപായി തീർപ്പാകാതെ കിടക്കുന്ന ഫയലുകളിൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും യഥാസമയം റിപ്പോർട്ടുകൾ ബന്ധപ്പെട്ട നിയന്ത്രണാധികാരികൾക്ക് ലഭ്യമാക്കുന്നതിനും നോഡൽ ഓഫീസർമാർ ശ്രദ്ധിക്കേണ്ടതാണ്.

**ചീഫ് എഞ്ചിനീയർ**

**Pro-forma P-1163**